**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1368** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്ത സർവ്വീസുകളുടെ പുന:സ്ഥാപിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ — ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നുള്ള ഈരാറ്റുപേട്ട - തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ്, ചൊവ്വര - ആലപ്പുഴ ഫാസ്റ്റ് പാസഞ്ചർ, ഈരാറ്റുപേട്ട - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ, ഈരാറ്റുപേട്ട - ഉപ്പുതറ L.S. ഓർഡിനറി, ഈരാറ്റുപേട്ട - വാര്യാനിക്കാട് - മുണ്ടക്കയം - ഓർഡിനറി സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നുള്ള ഈരാറ്റുപേട്ട - തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് സർവീസ് നിർത്തലാക്കിയിട്ടില്ല. ടി സർവീസ് 07.45 ഈരാറ്റുപേട്ട - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവീസ് ആയി കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് നടത്തി വരുന്നുണ്ട്. ടി സർവീസ് സൂപ്പർ ഫാസ്റ്റ് ആയി നടത്തിയിരുന്ന സമയത്തുണ്ടായിരുന്ന യാത്രക്കാരേക്കാൾ കൂടുതൽ യാത്രക്കാർ നിലവിൽ ലഭ്യമായതിനാൽ മുമ്പ് ഉണ്ടായിരുന്ന ശരാശരി വരുമാനത്തേക്കാൾ കൂടുതൽ പ്രതിദിന ശരാശരി വരുമാനം നിലവിൽ ലഭ്യമാകുന്നുണ്ട്.

ഈരാറ്റുപേട്ടയിൽ നിന്നുള്ള ഉപ്പുതറ സർവീസ് കോവിഡ്കാല യാത്രാ നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് പുനഃക്രമീകരിച്ചിട്ടുള്ളതും ഉപ്പുതറ സർവീസിന്റെ പ്രധാന ട്രിപ്പുകളെല്ലാം ഈരാറ്റുപേട്ട - കട്ടപ്പന, ഈരാറ്റുപേട്ട - ഉളുപ്പൂണി, ഈരാറ്റുപേട്ട - വാഗമൺ എന്നീ സർവീസുകളിലായി പുനഃക്രമീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടില്ലാത്ത ചൊവ്വര - ആലപ്പുഴ ഫാസ്റ്റ് പാസഞ്ചർ സർവീസ് നിലവിലെ സാഹചര്യം പരിശോധിച്ച് യാത്രക്കാരുടെ ലഭ്യതയും വരുമാന ലഭ്യതയും ഉറപ്പുവരുത്തി പുനരാരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. കൂടാതെ ഈരാറ്റുപേട്ട - വാര്യാനിക്കാട് - മുണ്ടക്കയം സർവീസുകൾ യാത്രക്കാരുടെ കുറവ് മൂലം നിന്നു പോയിട്ടുള്ളതാണ്. എങ്കിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരാരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ യൂണിറ്റ്തലത്തിൽ സ്വീകരിച്ച് വരുന്നു.

**(ബി)** ലാഭത്തിലുള്ള പ്രസ്തുത സർവ്വീസുകൾ റദ്ദ് ചെയ്യുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**